Lalith Babu

# വിവരാവകാശ നിയമത്തിൽ ഒന്നാം അപ്പീൽ അധികാരിയുടെ പ്രധാനപ്പെട്ട ചുമതലകൾ

- സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടിയിൽ തൃപ്തനല്ലെങ്കിലോ, സമയപരിധിക്കുള്ളിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മറുപടി നൽകിയില്ലെങ്കിലോ അപേക്ഷകന് ഒന്നാം അപ്പീൽ സമർപ്പിക്കാവുന്നതാണ്. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി ലഭിച്ച് 30 ദിവസത്തിനുള്ളിലോ, സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറിൽ നിന്ന് മറുപടി ലഭിക്കേണ്ട സമയപരിധി കഴിഞ്ഞ ശേഷമോ അപേക്ഷകന്/അപ്പീൽ വാദിക്ക് ഒന്നാം അപ്പീൽ നൽകാവുന്നതാണ്.

- സെക്ഷൻ 19(6) പ്രകാരം ഒന്നാം അപ്പീൽ അധികാരി അപ്പീൽ കൈപ്പറ്റി 30 ദിവസത്തിനുള്ളിൽ അപ്പീൽ തീർപ്പാക്കണം. ഒഴിവാക്കാനാവാത്ത സാഹചര്യത്തിൽ 45 ദിവസം വരെയെടുക്കാം. അത്തരം സന്ദർഭത്തിൽ കാലതാമസത്തിനുള്ള കാരണം രേഖപ്പെടുത്തേണ്ടതാണ്.

- വിവരാവകാശ നിയമപ്രകാരം അപ്പീൽ തീർപ്പാക്കുന്നത് ഒരു അർദ്ധ ജുഡീഷ്യൽ പ്രവർത്തിയാണ്. ആയതിനാൽ നീതി നടപ്പാക്കുക മാത്രമല്ല നീതി നടപ്പാക്കിയെന്ന് വെളിവാകുകയും വേണം. അതിനായി അപ്പീൽ അധികാരി പുറപ്പെടുവിക്കുന്ന ഉത്തരവ് സ്വയം വിശദീകരിക്കുന്നതും, തീരുമാനത്തിൽ എത്താനുണ്ടായ സാഹചര്യം വ്യക്തമാക്കുന്നതുമാകണം. (O.M. No. 10/23/2007-IR, dated 9-7-2007).

- അപ്പീൽവാദി ആവശ്യപ്പെട്ട വിവരം നൽകണമെന്ന തീരുമാനത്തിൽ അപ്പീൽ അധികാരി എത്തിച്ചേരുകയാണെങ്കിൽ അത് ലഭ്യമാക്കാൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നിർദ്ദേശം നൽകുകയോ നേരിട്ട് തന്നെ വിവരം ലഭ്യമാക്കി അപ്പീൽ തീർപ്പാക്കുകയോ ചെയ്യാം.

- ആദ്യം സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടതിൽ നിന്ന് വ്യത്യസ്തമായ കാര്യങ്ങൾ/ആവശ്യങ്ങൾ അപ്പീലിൽ ഉന്നയിച്ചാൽ അത് പരിഗണിക്കേണ്ടതില്ല.

- വിവരാവകാശ അപേക്ഷ സമർപ്പിച്ച് 30 ദിവസം പൂർത്തിയായതിന് ശേഷമോ, അപേക്ഷയ്ക്കുള്ള മറുപടി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറിൽ നിന്ന് ലഭിച്ച് 30 ദിവസത്തിനുള്ളിലോ അപ്പീൽ സമർപ്പിക്കണം. എന്നാൽ കാലതാമസത്തിനുള്ള കാരണം തൃപ്തികരമായി അപ്പീൽ അധികാരിക്ക് ബോദ്ധ്യപ്പെട്ടാൽ 30 ദിവസത്തിനുശേഷവും അപ്പീൽ സ്വീകരിക്കാവുന്നതാണ്.

- വിവരാവകാശ നിയമപ്രകാരമുള്ള എല്ലാ കത്തിടപാടുകളും അപ്പീൽ അധികാരി എന്ന നിലയിൽ തന്നെ നടത്തേണ്ടതാണ്. ഫോൺ നമ്പരും, ഔദ്യോഗിക സ്ഥാനവും വ്യക്തമായി രേഖപ്പെടുത്തണം.